(ബി) 31-10-2015-ലെ കണക്ക് പ്രകാരമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ, ബാദ്ധ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തുക (കോടിയിൽ) |
|---|---|
| HUDCO | 182.19 |
| KTDFC | 1205.46 (L.T.LOAN)<br>225.12 (S.T.LOAN) |
| LIC | 65.00 |
| KST 133 | 7.90 |
| DCB PLKD | 166.90 |
| DCB EKM | 86.59 |
| KSPIFC | 14.60 |
| TOTAL | 1953.76 |

ഇതിനുപുറമേ സർക്കാർ കെ.എസ്.ആർ.ടി.സി. വായ്പയായി തുക അനുവദിച്ചിട്ടുണ്ട്. 31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്.ആർ.ടി.സി. വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.-യിലുള്ള മൂലധനമാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

## റോഡ് ട്രാൻസ്പോർട്ട് ഓഫീസ്

336 (2165) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റോഡ് ട്രാൻസ്പോർട്ട് ഓഫീസുകളുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) റോഡ് ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്ത ഏതെങ്കിലും താലൂക്ക് നിലവിലുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 73 റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഉണ്ട്. (18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 55 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും).

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, ആർ.ടി.ഒ. നാഷണലൈസ്ഡ് സെക്ടർ (തിരുവനന്തപുരം), ആറ്റിങ്ങൽ, മൂവാറ്റുപുഴ, വടകര എന്നിവയാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

പാറശ്ശാല, നെയ്യാറ്റിൻകര, നെടുമങ്ങാട്, കഴക്കൂട്ടം, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, അടൂർ, തിരുവല്ല, മല്ലപ്പള്ളി, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര, ചേർത്തല, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ, വൈക്കം, വണ്ടിപെരിയാർ, തൊടുപുഴ, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, ആലുവ, നോർത്ത് പറവൂർ, മട്ടാഞ്ചേരി, കോതമംഗലം, ഇരിങ്ങാലക്കുട, ഗുരുവായൂർ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കൊയിലാണ്ടി, കൊടുവള്ളി, തലശ്ശേരി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കന്നൂത്തൂർ, റാന്നി, അങ്കമാലി, ചാലക്കുടി, തിരൂരങ്ങാടി, കട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, മാനന്തവാടി, സുൽത്താൻബത്തേരി, എന്നിവയാണ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

(ബി) സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത 8 താലൂക്കുകൾ നിലവിലുണ്ട്.

മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, കൊണ്ടോട്ടി, കോന്നി, പത്തനാപുരം, വർക്കല, കാട്ടാക്കട എന്നിവയാണ് ആ താലൂക്കുകൾ.

## കരമന-കളിയിക്കാവിള ദേശീയപാത വികസനം

337 (2166) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പാപ്പനംകോട്ടുള്ള മുസ്ലീം പള്ളി മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം പാപ്പനംകോട് കെ.എസ്.ആർടി.സി. ഡിപ്പോയുടെ കോമ്പൗണ്ടിൽ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?